# കാർഷിക നയരൂപീകരണ കമ്മിറ്റി നീര ചെത്തിന് ശുപാർശ ചെയ്യും

ബി. സതീഷ്

തൃശൂർ: നീര ചെത്താൻ അനുമതി നൽകിയാൽ കേരകർഷകരുടെയും കള്ളുചെത്ത് തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് സോഷ്യലിസ്റ്റ് ജനതാ നേതാവും കാർഷിക നയം രൂപീകരിക്കാൻ സംസ്ഥാനസർക്കാർ ഏർപ്പെടുത്തിയ കമ്മിറ്റിയുടെ ചെയർമാനുമായ കെ. കൃഷ്ണൻകുട്ടി പറഞ്ഞു.

കമ്മിറ്റിയുടെ സിറ്റിംഗ് വിവിധ ജില്ലകളിൽ നടന്നപ്പോൾ നീര ചെത്തുന്നതിന് അനുകൂലമായ നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളതെന്നും അംഗങ്ങൾ ക്രിയാത്മകമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നും അദ്ദേഹം പറഞ്ഞു. രണ്ടുമാസത്തിനകം സമർപ്പിക്കുന്ന കമ്മിറ്റിയുടെ റിപ്പോർട്ടിൽ നീര ചെത്താൻ അനുമതി നൽകണമെന്ന ശുപാർശ സർക്കാറിന് സമർപ്പിക്കും. അനുമതി ലഭിച്ചാൽ തെങ്ങിന് 1500 രൂപ വരെ വരുമാനം ലഭിക്കും. കർണ്ണാടക, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങൾ അനുമതി നൽകിക്കഴിഞ്ഞു. ഒരു സഹകരണ സംഘം രൂപീകരിച്ച് വിപണനം ചെയ്യുകയോ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുകയോ ചെയ്യാൽ എമർജിംഗ് കേരളയെക്കാൾ നിക്ഷേപം സംസ്ഥാനത്തുണ്ടാകും.

ഡോ. ഹേഗി, ഡോ. ബാലചന്ദ്രൻ, ഡോ, രാജേന്ദ്രൻ, കൃഷിവകുപ്പ് ഡയറക്ടർ ആർ. അജിത്ത്കുമാർ, അഡീഷണൽ ഡയറക്ടർ മാധവചന്ദ്രൻ, എം.എസ്. ജോസഫ് എന്നിവരുൾപ്പെട്ടതാണ് കമ്മിറ്റി.

## നീരയെന്നാൽ

തെങ്ങിന്റെ പൂങ്കുലയിൽ നിന്നും ചെത്തിയെടുക്കുന്ന പാനീയത്തെ പുളിക്കാൻ അനുവദിക്കാതെ ചില ജൈവ ചേരുവകൾ ഉപയോഗിച്ച് നീരയാക്കാം. മധുരക്കള്ളെന്നും ഇതിനെ വിളിക്കാം. ലഹരിവിമുക്തവും പോഷകസമൃദ്ധവുമാണ് നീര. സംസ്ഥാനത്തെ തെങ്ങിന്റെ ഒരു ശതമാനമെങ്കിലും ഇതിന് ഉപയോഗിച്ചാൽ ഈ പദ്ധതിയിലൂടെ 2000 കോടി രൂപയുടെ വരുമാനം ഉണ്ടാക്കാമെന്നാണ് നാളികേര വികസന ബോർഡിന്റെ കണക്ക്.